**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 502** **27.9.2011-ൽ മറുപടിക്ക്**

**നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>" വി.പി. സജീന്ദ്രൻ:<br>" ലൂഡി ലൂയിസ് :<br>" ഷാഫി പറമ്പിൽ: | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) കേരള സംസ്ഥാന നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | എ) കേരള സർക്കാർ ഏഷ്യൻവികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന1422.47 കോടി രുപയുടെ വികസന പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി. കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ്(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ. കോഴിക്കോട്) ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>നഗരങ്ങളിലെ ശുദ്ധജലവിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സിവറേജ്, റോഡുകളുടെ വികസനം, നഗരസാമൂഹ്യ വികസനം തുടങ്ങിയവയാണ് സുസ്ഥിര നഗരവികസന പദ്ധതിയിലെ മുഖ്യഘടകങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള സമീപനവുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.<br>നഗരജീവിത സൗകര്യങ്ങൾ, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ദാരിദ്ര്യ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനവും ഈ പദ്ധതി കൊണ്ട് പ്രതീക്ഷിക്കുന്നു. |

ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രാദേശിക സാഹചര്യങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ ; അവ എന്തെല്ലാം ;

ബി) സ്ഥലം ഏറ്റെടുക്കൽ, സ്ഥലമേറ്റെടുക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത, കരാറുകാരുടെ നിസ്സഹകരണം, പാരിസ്ഥിതിക പ്രശ്നങ്ങൾ,തദ്ദേശീയരുടെ എതിർപ്പ് തുടങ്ങിയവ ഈ പദ്ധതികൾ തയ്യാറാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ടും തൃശൂർ/തിരുവനന്തപുരം കോർപ്പറേഷനിലെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ കരാറുകാരനും, കൺസൾട്ടന്റും തമ്മിലുള്ള തർക്കങ്ങൾ മൂലവും പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കൂടാതെ, തൃശൂരിലെ ലാലൂരിൽ ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് എതിർപ്പ് ഉണ്ടായതിന്റെ ഫലമായും കാലതാമസം നേരിട്ടിട്ടുണ്ട്.

സി) തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

സി) സ്ഥലമേറ്റെടുപ്പ് സുഗമമാക്കുന്നതിനായി കെ.എസ്.യു.ഡി.പി-യിൽ ഒരു റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടറെ ലാന്റ് അക്വിസിഷൻ ഓഫീസറായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വലിയ പാക്കേജുകൾ വിഭജിച്ച് റീടെണ്ടർ ചെയ്തു വരുന്നു. കരാറുകാർക്കായി ശില്പശാല നടത്തുകയും, അതുവഴി അവരുടെ സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധതലത്തിൽ ചർച്ചകൾ നടത്തി പരിഹാരം കാണുകയും, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ